©
**കേരള സർക്കാർ**
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 13**<br>Vol. XIII | **തിരുവനന്തപുരം, തിങ്കൾ**<br>Thiruvananthapuram, Monday | **2024 ഡിസംബർ 09**<br>09th December 2024<br>**1200 വൃശ്ചികം 24**<br>24th Vrischikam 1200<br>**1946 അഗ്രഹായനം 18**<br>18th Agrahayana 1946 | **നമ്പർ** No. **3938** |

### കേരള സർക്കാർ

വ്യവസായ (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 45/2024/വ്യവ.
**എസ്. ആർ. ഒ. നമ്പർ 1137/2024**

*തിരുവനന്തപുരം, 2024 നവംബർ 27*
*1200 വൃശ്ചികം 12*
*1946 അഗ്രഹായനം 6.*

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 2-ാം വകുപ്പ് (എഫ്) ഖണ്ഡവും 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരവും നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെ പട്ടിക II-ൽ പ്രസ്താവിച്ചിട്ടുള്ള പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ ഷൊർണ്ണൂർ-I വില്ലേജിലെ, സിഡ്കോയുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉടമസ്ഥതയിലും കൈവശാവകാശത്തിലുമുള്ള 439.9 ആർ ഭൂമിയെ സംസ്ഥാനത്തെ ഒരു വ്യവസായ പ്രദേശമായി ഇതിനാൽ പ്രഖ്യാപിക്കുകയും പ്രസ്തുത പ്രദേശത്തിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ എന്നിവ വേഗത്തിൽ നൽകുന്നതിനായി പ്രസ്തുത പ്രദേശത്തിനുവേണ്ടി താഴെ പട്ടിക I-ൽ പറഞ്ഞിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി "സിഡ്കോ കാരക്കാട് വ്യവസായ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ്" എന്ന പേരിൽ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുകയും ചെയ്യുന്നു, അതായത്:—

പട്ടിക I

(എ) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് (വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നോമിനി);

(ബി) ജില്ലാ കളക്ടർ, പാലക്കാട്;

(സി) ഡിവിഷൻ ഹെഡ്, വ്യവസായ എസ്റ്റേറ്റ് ഡിവിഷൻ, സിഡ്കോ ഹെഡ്ഓഫീസ്, തിരുവനന്തപുരം (വ്യവസായ പ്രദേശത്തിന്റെ ഉടമസ്ഥത അല്ലെങ്കിൽ മേൽനോട്ടം വഹിക്കുന്ന ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ്);

(ഡി) എസ്റ്റേറ്റ് മാനേജർ, സിഡ്കോ വ്യവസായ എസ്റ്റേറ്റ്, കാരക്കാട്, പാലക്കാട് (വ്യവസായ മേഖലയുടെ നിയുക്ത അധികാരസ്ഥാനം);

(ഇ) ജില്ലാ ഓഫീസർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പാലക്കാട്;

(എഫ്) ജില്ലാ ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, പാലക്കാട്;

(ജി) ജില്ലാ ഓഫീസർ, നഗര ഗ്രാമാസൂത്രണ വകുപ്പ്, പാലക്കാട്;

(എച്ച്) ജില്ലാ മെഡിക്കൽ ഓഫീസർ, പാലക്കാട്;

(ഐ) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, പാലക്കാട്;

(ജെ) ജില്ലാ ഓഫീസർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, പാലക്കാട്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(കെ) ഡിവിഷണൽ ഓഫീസർ, അഗ്നിശമന രക്ഷാസേവന വകുപ്പ്, പാലക്കാട്;

(എൽ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട്;

(എം) ജില്ലാ ലേബർ ഓഫീസർ, പാലക്കാട്;

(എൻ) ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, പാലക്കാട്;

(ഒ) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള ജല അതോറിറ്റി, പാലക്കാട്;

(പി) സെക്രട്ടറി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, പാലക്കാട്;

(ക്യു) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്.

പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം പാലക്കാട് ജില്ലാ കളക്ടർ ബോർഡിന്റെ ചെയർമാനും, എസ്റ്റേറ്റ് മാനേജർ, സിഡ്കോ വ്യവസായ എസ്റ്റേറ്റ്, കാരക്കാട്, പാലക്കാട് ബോർഡിന്റെ കൺവീനറുമായിരിക്കുന്നതാണ്.

പട്ടിക II

*ജില്ല*—പാലക്കാട്.

*താലൂക്ക്*—ഒറ്റപ്പാലം. *വില്ലേജ്*—ഷൊർണ്ണൂർ-I.

*ബ്ലോക്ക്*—ഒറ്റപ്പാലം. *ബ്ലോക്ക് നമ്പർ*—4.

| *ക്രമ നമ്പർ* | *സർവ്വേ നമ്പർ* | *ഭൂമി വിസ്തൃതി (ആർ)* |
|---|---|---|
| 1 | 18/1 ബി, 37/2 എ | 439.9 |
| | **ആകെ** | **439.9** |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. പി. എം. മുഹമ്മദ് ഹനീഷ്, ഐ. എ. എസ്.,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായനഗര പ്രദേശവികസനവും ആക്റ്റിലെ (2000-ലെ 5) 2-ാം വകുപ്പ് (എഫ്) ഖണ്ഡപ്രകാരം സംസ്ഥാനത്തെ ഏതു പ്രദേശത്തേയും വ്യാവസായിക പ്രദേശമായി പ്രഖ്യാപിക്കാവുന്നതും ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത പ്രദേശത്തിനുവേണ്ടി ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതുമാണ്. അപ്രകാരം പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ ഷൊർണ്ണൂർ-I വില്ലേജിലെ സിഡ്കോയുടെ ഉടമസ്ഥതയിലും കൈവശാവകാശത്തിലുമുള്ള 439.9 ആർ ഭൂമി ഉൾപ്പെടുന്ന പ്രദേശത്തെ സംസ്ഥാനത്തെ ഒരു വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുവാനും പ്രസ്തുത മേഖലയ്ക്കായി “സിഡ്കോ കാരക്കാട് വ്യവസായ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ്” രൂപീകരിക്കുവാനും കേരള സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Industries (B) Department**

NOTIFICATION

G. O. (P) No. 45/2024/ID.

*Dated, Thiruvananthapuram, 27th November, 2024*
*12th Vrischikam, 1200*
*6th Agrahayana, 1946.*

**S. R. O. No. 1137/2024**

In exercise of the powers conferred by clause (f) of Section 2 and sub-section (1) of Section 5 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000) the Government of Kerala hereby declare 439.9 Ares of land owned and possessed by SIDCO in Shornur-I Village in Shornur Municipality in Palakkad District as specified in Schedule-II below to be an Industrial Area of the State and constitute a Single Window Clearance Board for the said area to be known as "SIDCO Karakkad Industrial Estate Single Window Clearance Board" for the purpose of speedy issue of various licenses, clearances or certificates required under the various State enactments for setting up and running of enterprises with the following members mentioned in the Schedule-I below, namely:—

SCHEDULE-I

(a) The General Manager, District Industries Centre, Palakkad (Nominee of the Principal Secretary to Government, Industries Department);

(b) The District Collector, Palakkad;

(c) The Division Head, Industrial Estate Division, SIDCO Head Office, Thiruvananthapuram (Chief Executive of the agency owning or managing the industrial area);

(d) The Estate Manager, SIDCO Industrial Estate, Karakkad, Palakkad (Designated authority of the Industrial area concerned);

(e) The District Officer of the Kerala State Pollution Control Board, Palakkad;

(f) The District Officer of the Electrical Inspectorate, Palakkad;

(g) The District Officer of the Town and Country Planning Department, Palakkad;

(h) The District Medical Officer, Palakkad;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) The Deputy Chief Engineer, Kerala State Electricity Board Limited, Palakkad;

(j) The District Officer, Department of Factories and Boilers, Palakkad;

(k) The Divisional Officer, Department of Fire and Rescue Services, Palakkad;

(l) The Divisional Forest Officer, Palakkad;

(m) The District Labour Officer, Palakkad;

(n) The Deputy Commissioner, State Goods and Service Tax Department, Palakkad;

(o) The Executive Engineer, Kerala Water Authority, Palakkad;

(p) The Secretary, District Tourism Promotion Council, Palakkad;

(q) The General Manager, District Industries Centre, Palakkad.

The District Collector, Palakkad shall be the Chairman of the Board and the Estate Manager, SIDCO Industrial Estate, Karakkad, Palakkad shall be the Convenor of the Board under sub-section (4) of Section 5 of the said Act.

SCHEDULE-II

*District*—Palakkad.

*Taluk*—Ottappalam. *Village*—Shornur-I.

*Block*—Ottappalam. *Block No.*—4.

| *Sl. No.* | *Survey No.* | *Extent of land (In Ares)* |
|---|---|---|
| 1 | 18/1 B, 37/2 A | 439.9 |
| | **Total** | **439.9** |

By order of the Governor,

A. P. M. MOHAMMED HANISH, I.A.S.,
*Principal Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

As per clause (f) of Section 2 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000), the Government may declare any area in the State to be an Industrial Area and may constitute Single Window Clearance Board for the said area as per sub-section (1) of Section 5 of said Act. Accordingly, Government have decided to declare an area of 439.9 Ares of land owned and possessed by SIDCO in Shornur-I Village of Shornur Municipality in Palakkad District to be an Industrial Area of the State and to constitute "SIDCO Karakakd Industrial Estate, Single Window Clearance Board" for the said area.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.12.09 06:30:03 +05:30